# കേരളസർവകലാശാല

നം.പി.ആർ.32/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2020
### ജനറൽ/മറ്റ് വിഭാഗങ്ങൾ കോളേജ് തലത്തിൽ
### സ്പോട്ട് അഡ്മിഷൻ – ഫെബ്രുവരി 9 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളേലേക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് കോളേജ് തലത്തിൽ ഫെബ്രുവരി 9 – ാം തീയതി സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

താൽപ്പര്യയുള്ള വിദ്യാർത്ഥികൾ അതത് കോളേജുകളിൽ രാവിലെ 10 മണിക്ക് മുമ്പായി എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി (ടി.സി. ഉൾപ്പെടെ) കോളേജിൽ നേരിട്ട് ഹാജരാകേണ്ടതാണ്. നിലവിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളെ മാത്രമാണ് സ്പോട്ട് അഡ്മിഷന് പരിഗണിക്കുന്നത്. കോളേജ് ട്രാൻസ്ഫർ/കോഴ്സ് ട്രാൻസ്ഫർ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ലഭിച്ചാൽ ഒടുക്കേണ്ട യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി./എസ്.സി. വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) കൈയിൽ കരുതേണ്ടതാണ്. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

ഓരോ കോളേജിലെ ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോക്കോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളൂ.

### ടൈംടേബിൾ

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് (ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ്) (2018 സ്കീം), ഒക്ടോബർ 2020 പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ നാലാം വർഷ ബി.എഫ്.എ. (പെയിന്റിംഗ്, സ്കൾപ്പ്ച്ചർ & അപ്ലൈഡ് ആർട്ട്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 05 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല സെന്റർ ഫോർ അഡൽട്ട് ആന്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ യൂണിറ്റിന്റെ (സി.എ.സി.ഇ.ഇ.)കീഴിൽ തിരുവനന്തപുരം കല്ലറ പാങ്ങോട് മന്നാനിയ കോളേജിൽ നടത്തി വരുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു, കോഴ്സ് കാലാവധി: 6 മാസം, കോഴ്സ് ഫീസ്: 7500, വിശദവിവരങ്ങൾക്ക്: 9048538210. ഉയർന്ന പ്രായപരിധി ഇല്ല.

## സന്ദർശകർക്ക് നിയന്ത്രണം

കേരളസർവകലാശാല പാളയം, കാര്യവട്ടം ക്യാമ്പസുകളിൽ ഫെബ്രുവരി 16 വരെ സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയതായി രജിസ്ട്രാർ അറിയിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
08.02.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**